# സാന്തോം മെസഞ്ചർ

SANTHOME MESSENGER

St. Thomas Forane Church - Parish Bulletin

Vol. 43 | Issue 04 | May 2017







Chavara Matrimony.com

CMI വൈദികർ നേതൃത്വം നൽകുന്നു

ഫാ. റോബി കണ്ണൻചിറ സി.എം.ഐ
ഡയറക്ടർ

ജോൺസൺ സി. എബ്രഹാം
എക്സിക്യുട്ടീവ് ഡയറക്ടർ

Chavara Family Welfare Centre

St.Thomas Shopping Complex, C/o St.Thomas Forane Church, Christ School Road

Bangalore 080 41202698

H.O Chavara Cultural Centre, Kochi, Kerala

21 Branches in Kerala, Karnataka & Delhi

# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin

SANTHOME MESSENGER

Vol: 43 / Issue: 4 / May 2017



## EDITORIAL BOARD

**Printed & Published by**

**Rev. Dr. Thomas Kallukalam CMI**
Vicar, St. Thomas Forane Church
Mob : 7829792320

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Dr. Bino Kalarikkal
Mrs. Sweetha Mary Reji

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com






www.stthomasforanechurch.org
stthomasforanechurch@gmail.com


## അകത്തളം


ഇടയ സന്ദേശം 2
Shepherd's Message 4
Musings from the Editor 5
ട്രസ്റ്റിമാർ സംസാരിക്കുന്നു... 6
കർമ്മ നൈപുണ്യനിറവിൽ കൈനകരിയിലേക്ക്... 7
മാതൃഭക്തി ആധുനിക ലോകത്തിൽ 10
His Mother... mine, too. 11
Why Silence is not a Virtue 12
ഇടവകയിലെ സന്ന്യാസ സമൂഹങ്ങൾ 14
ഇടവക വാർത്തകൾ 15
Six years which will last a lifetime 20
എഫാത്ത ബൈബിൾ ക്വിസ്സ് 21





സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, സാഹിത്യസൃഷ്ടികളും 2017 മെയ് 21 - ന് മുമ്പായി പാരീഷ് ഓഫിസിൽ ഏൽപ്പിക്കുക.

Email : stthomasforanechurch@gmail.com
Mob. : 9916190495



# ഇടയനാദം

ഈശോമിശിഹായിൽ പ്രിയപ്പെട്ടവരെ,

കഴിഞ്ഞ 6 വർഷമായി ഈ ഇടവകസമൂഹത്തിൽ വികാരിയച്ചനായി സേവനമനുഷ്ഠിക്കുവാനുള്ള ദൗത്യം എളിയവനായ എന്നെ നല്ല തമ്പുരാൻ ഭരമേല്പിച്ചു. ഈ കാലഘട്ടങ്ങളിൽ എന്നെ പ്രത്യേകമാംവിധം തന്റെ കൃപകൾകൊണ്ട് എപ്പോഴും ശക്തിപ്പെടുത്തിയ നല്ല ദൈവത്തിന് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. കൂടാതെ ഈ ഇടവകയിലെ നല്ലവരായ എല്ലാവരോടും പ്രാർത്ഥനകൾകൊണ്ടും നിരന്തരമായ സഹകരണങ്ങൾകൊണ്ടും സഹായിച്ച എല്ലാവരോടുമുള്ള എന്റെ വ്യക്തിപരമായ നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കുന്നു. ഇവിടുത്തെ എന്റെ ജീവിതത്തിലെ ഉയർച്ചയിലും, താഴ്ചയിലും, സുഖത്തിലും, ദുഃഖത്തിലും, ഒറ്റപ്പെടലിലും, വിമർശനങ്ങളിലും, സാമ്പത്തിക ഞെരുക്കത്തിലും എന്നോടൊപ്പം പങ്കുപറ്റിയ പ്രിയപ്പെട്ട കൊച്ചച്ചന്മാർ, ട്രസ്റ്റിമാർ, പാരീഷ് കൗൺസിൽ, വിവിധ സംഘടനകളും പ്രവർത്തകരും, ഇടവകയിലെ ഓരോ കുടുംബാംഗങ്ങളോടും, എനിക്കെതിരെ ചിന്തിച്ചവർ, സംസാരിച്ചവർ, പ്രവർത്തിച്ചവർ എന്നിവരോടും ഹൃദയം നിറഞ്ഞ നന്ദി. കഴിഞ്ഞ 6 വർഷങ്ങളിൽ കാത്തു പരിപാലിച്ച നല്ല ദൈവം നൽകിയ ശക്തമായ പ്രചോദനങ്ങളോട് സഹകരിച്ച് നമ്മൾ ആരംഭിച്ച പ്രസ്ഥാനങ്ങളെയും പ്രവർത്തനങ്ങളെയും ഹൃദയം നിറഞ്ഞ നന്ദിയോടുകൂടി ഓർമ്മിക്കുന്നു.

1. SANTHOME SENIOR CITIZEN FORUM
2. LEGION OF MARY (Gents & Ladies)
3. NURSES FORUM
4. ADVOCATES FORUM
5. CHERUPUSHPA MISSION LEAGUE
6. SANTHOME SOUHARDHA CREDIT COOPERATIVE LTD
7. STARTT - Leader ship Training Programme for students & Youth
8. KIDZEE-ANGELS' NEST, ST. THOMAS PARISH TRUST
9. SANTHOME BOOK STALL
10. SACRED VESTMENTS
11. SANTHOME KALAVEDHI
12. GROUP MEDICAL INSURANCE for Families of the Parish
13. MINORITY CELL - Bringing Minority schemes of Govt to the Parishioners
14. MANNA - Free lunch for deserving patients in govt. hospitals on Saturdays
15. THANAL - Waste paper collection for Poor Aid Fund
16. WEBSITE AND MEDIA MAINTENANCE TEAM
17. ANGEL'S CHOIR (Girls Choir)
18. YOUTH CHOIR - English

1. SANCTUARY RENOVATION
2. ADORATION CHAPEL
3. CHRIST NAGAR PUBLIC SCHOOL AT KEMPAVADARAHALLI, KASABAHOBLI, ANEKAL TALUK

എന്റെ ജീവിതത്തെ വഴി നടത്തിയ അടിസ്ഥാനപരമായ എന്റെ ബോധ്യങ്ങൾ നിങ്ങളുമായി പങ്ക് വയ്ക്കുന്നു.

1. ദൈവത്തിന്റെ പദ്ധതികൾ ഈ ലോകത്തിൽ നിറവേറ്റണമെങ്കിൽ ചോദ്യം ചെയ്യാതെ, എന്തിനെന്ന് ചോദിക്കാതെ, പരിശുദ്ധാത്മാവിന്റെ പ്രേരണകളെ അനുസരിക്കുന്നവർ ഉണ്ടാകണം.

2. സ്നേഹവും അംഗീകാരവും കിട്ടുന്ന ഇടങ്ങളിലേക്കല്ല നാം ഓടേണ്ടത്. പ്രത്യുത, ദൈവം വിളിക്കുന്ന ഇടങ്ങളിലേക്കാണ്. നമുക്കിഷ്ടപ്പെട്ട ജോലിയല്ല നാം ചെയ്യേണ്ടത്, മറിച്ച് ദൈവം നമ്മെ ഏല്പിക്കുന്ന ജോലിയാണ്.

3. നല്ല കാര്യങ്ങളുടെ പേരിലാണ് പലപ്പോഴും ദൈവഹിതം ലംഘിക്കപ്പെടുക. എന്നാൽ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് നല്ല കാര്യങ്ങൾ ചെയ്യാനല്ല, പ്രത്യുത, ദൈവഹിതം നിറവേറ്റാനാണ്. ദൈവഹിതമാണ് പരമമായ നന്മ.

4. ദൈവതിരുമനസ്സിന്റെ കയർ പൊട്ടിക്കുന്നതെപ്പോഴും, സ്വന്തം ഇഷ്ടം ചെയ്യാനായിരിക്കും. സ്വന്തം ഇഷ്ടങ്ങളാൽ നയിക്കപ്പെടുന്നവൻ ആത്മീയനല്ല, പ്രത്യുത ജഡികനാണ്.

5. ദൈവത്തിന്റെ സമയമാണ് ഏറ്റവും നല്ല സമയം. ദൈവത്തെ എപ്പോഴെങ്കിലും അനുസരിച്ചാൽ പോരാ. അവിടുന്നു പറയുന്ന സമയത്തുതന്നെ അനുസരിക്കണം.

6. വിളിച്ചവന്റെ മുന്നിലിരിക്കുമ്പോൾ, വിളിയുടെ നൊമ്പരങ്ങളെല്ലാം സൗഖ്യമാക്കപ്പെടും, അവിടുത്തെ സ്നേഹം ധ്യാനിക്കുമ്പോൾ, വീണ്ടും മനസ്സ് ഊർജ്ജസ്വലമാകും.

7. അത്ഭുതങ്ങൾ കുറഞ്ഞുപോകുന്നത് അനുസരണങ്ങളുടെ കുറവുമൂലമാണ്. അനുസരണം കുറയുന്നതാകട്ടെ വിശ്വാസത്തിന്റെ കുറവുമൂലവും. അത്ഭുതങ്ങൾ ചെയ്യുന്ന ദൈവം ഇന്നും ജീവിക്കുന്നവനാണ്.

8. ദൈവം ഏല്പിക്കുന്ന ദൗത്യം നിർവഹിക്കാൻ നാം തയ്യാറാകുമ്പോൾ അതിനുവേണ്ട വിഭവങ്ങളെയും ആളുകളെയും ദൈവംതന്നെ ഒരുക്കിത്തരും. ദൈവം തരാത്ത സമ്പത്തും, ദൈവം തരാത്ത സ്ഥാനങ്ങളും വേണ്ടെന്നു വെച്ചാലേ, ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നതിനെ പൂർണ്ണമായും സ്വന്തമാക്കാനാകൂ.

9. എവിടെയും എപ്പോഴും സ്വന്തം സുരക്ഷിതത്വം തേടുന്നവർക്ക് ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കാനോ ദൈവത്തിനായി വലിയ കാര്യങ്ങൾ ചെയ്യാനോ സാധിക്കുകയില്ല.

10. ആരും കാണാതെ മനസ്സിന്റെ കോണുകളിലും, ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലും ഒളിപ്പിച്ചു വച്ചിരിക്കുന്ന പാപങ്ങളായിരിക്കും പലപ്പോഴും നമ്മുടെ പ്രശ്നങ്ങൾക്കു കാരണം.

11. കഴിവും യോഗ്യതയുമുള്ളവരെയാണ് മനുഷ്യൻ തെരഞ്ഞെടുക്കുക. എന്നാൽ, ദൈവം പലപ്പോഴും തെരഞ്ഞെടുക്കുന്നവർക്ക് കഴിവും യോഗ്യതകളും പ്രദാനം ചെയ്യുകയാണ് ചെയ്യുന്നത്.

12. ആരുടെയും വിജയം ഒറ്റയ്ക്കു നേടുന്നതല്ല. തികച്ചും വ്യക്തിപരമെന്ന് തോന്നുന്ന വിജയങ്ങളുടെ പിന്നിലും അനേകരുടെ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനങ്ങൾ ഉണ്ടാവും.

13. ഭാവിയെക്കുറിച്ച് ഉറപ്പിനെക്കാൾ നല്ലത്, ഭാവിയെ നിയന്ത്രിക്കുന്ന തമ്പുരാനിലുള്ള ഉറപ്പാണ്. കാരണം, അവൻ നല്ലവനും വിശ്വസ്തനുമാണ്.

ഞാൻ അയയ്ക്കപ്പെടുന്ന പുതിയ സ്ഥലത്ത് ദൈവഹിതം മാത്രം നിറവേറ്റാനും, നല്ല ദൈവത്തെ മഹത്വപ്പെടുത്തുവാനും നിങ്ങളുടെ പ്രാർത്ഥനാസഹായം യാചിക്കുന്നു. ദൈവാനുഗ്രഹം എല്ലാവർക്കും വേണ്ടി ഞാൻ യാചിക്കുന്നു. എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി

സസ്നേഹം,

**ഫാ. തോമസ് കല്ലുകളം** CMI

വികാരിയച്ചൻ

# Shepherd's Message



Dearly beloved in Christ Jesus,

For the last 6 years I have been vicar to this parish , a mission entrusted by God to His humble servant. During this tenure, the Lord has been steadfast in strengthening me with His endless grace, and for this I cannot thank Him enough! Moreover, I extend my heartfelt gratitude and love to all the parishioners who have continuously supported me with their cooperation and prayers. To all those who were with me in my ups and downs, gladness and sadness, in the face of loneliness, criticism, and financial difficulties, to my dear assistant vicars, trustees, parish council members, members of various associations, each and every family member, and to all those who thought, spoke and acted against me, I am ever grateful. I remember, with gratitude, every association and endeavour that we started in accordance with God's plan and inspiration.

1. SANTHOME SENIOR CITIZEN FORUM
2. LEGION OF MARY (Gents & Ladies)
3. NURSES FORUM
4. ADVOCATES FORUM
5. CHERUPUSHPA MISSION LEAGUE
6. SANTHOME SOUHARDHA CREDIT COOPERATIVE LTD
7. STARTT - Leader ship Training Programme for students & Youth
8. KIDZEE-ANGELS' NEST, ST. THOMAS PARISH TRUST
9. SANTHOME BOOK STALL
10. SACRED VESTMENTS
11. SANTHOME KALAVEDHI
12. GROUP MEDICAL INSURANCE for Families of the Parish
13. MINORITY CELL - Bringing Minority schemes of Govt to the Parishioners
14. MANNA - Free lunch for deserving patients in govt. hospitals on Saturdays
15. THANAL - Waste paper collection for Poor Aid Fund
16. WEBSITE AND MEDIA MAINTENANCE TEAM
17. ANGEL'S CHOIR (Girls Choir)
18. YOUTH CHOIR - English

1. SANCTUARY RENOVATION
2. ADORATION CHAPEL
3. CHRIST NAGAR PUBLIC SCHOOL AT KEMPAVADARAHALLI, KASABAHOBLI, ANEKAL TALUK

Here, I would like to share with you the conviction which have been instrumental in guiding my life.

1. For God's plans to enfold in this world, there must be persons willing to obey the inspiration of the Holy Spirit without question.
2. We need not run here and there searching for love and acceptance. Instead, we need to be in the place when God wants us to be. Rather than doing the work that we like, we should strive to do what God has entrusted us to do.
3. Often, it is in the name of doing good that the will of God is disregarded. A believer should always remember that he is called , not to do good, but to do the will of God. The will of God is the greatest good!
4. It is when we want to do our own wish that we often break the cord of God's love. When we are led by our own likes we are not spiritual , but worldly.
5. God's time is always the best. It is not enough that we obey God when we get the time or we feel like it. We should obey God as and when He asks of us.

*Continued on Page 6....*

# Musings from the Editor



Dearly Beloved in Christ,

Pope Pius IX once said, "God has committed to Mary the treasury of all good things, in order that everyone may know that through her are obtained every hope, every grace, and all salvation."

May is a month in which we traditionally honor our Blessed Mother and celebrate Mother's Day. And, this May 2017 is VERY special!! May 13th is the 100th anniversary of the appearance of Mary at Fatima! On May 13, 1917, three simple shepherd children Jacinta, age 7, and Francisco Marto, age 9, and their cousin Lucia Dos Santos, age 10 experienced their first apparition of Our Blessed Mother near the town of Fatima, Portugal. Pope Francis will canonize two of the visionaries, Jacinta and Francisco, on on May 13, 2017 at a Mass in Fatima.

Whenever the Blessed Virgin name is mentioned in the New Testament, it points to Jesus. Her song, her encounter with Jesus in the temple, her intervention at the wedding at Cana and her standing at the Cross, all lead us back to Jesus, His mission and our salvation. Her entire life was to witness to the glory of her Son. And this is what Mother Mary asks each of us to do.

Fr. Thomas Kallukalam, is such a person, deeply devoted to Mother Mary and the Rosary. The year I have spent with him has been a blessing to me in so many ways. It has been a privilege to learn from him the essential lessons of life, and, he is my role model and inspiration in the priestly life. May God bless him abundantly in all is future endeavors and may he continue to bring glory to God.

Our new vicar, Fr Cyriac Madathil CMI has joined the St. Thomas Forane church family. I cordially welcome him to this parish and our sincere prayers and wholehearted cooperation.

During this month of May, let us rediscover Mother Mary's maternal role in our lives. Just as she aided the first Apostles with her prayers, may she also guide and intercede for us in our journey of faith. .

May God bless you.

**Fr. Justin Manninezhath CMI**
Asst. Vicar

# Hearty Welcome



Rev. Fr. Cyriac Madathil CMI

Fr. Cyriac Madathil CMI born in 1961 was ordained priest on 27th December in 1991. He began his priestly ministry as the Asst. Parish Priest at St. Mary's Forane Church, Champakulam. After higher studies he was appointed the Principal of Kristu Jyoti School and College until 2005. He served as Parish Priest in Alexandria, Louisiana. Then he was appointed as the Principal of Christ College, Pune.

Later in 2011 he was appointed as the CMI Pastoral Coordinator General for USA and Canada. In 2014 he was elected as the Provincial of St. Joseph's Province, Trivandrum. St. Thomas Parish community is happy to receiving our new Parish Priest wholeheartedly with open arms.

# ട്രസ്റ്റിമാർ സംസാരിക്കുന്നു...








നമ്മുടെ ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളുടെയും, പ്രഭവസ്ഥാനവും, ഊർജ്ജവും, കേന്ദ്രവുമായിരുന്ന വികരിയച്ചൻ തന്റെ ആറ് വർഷത്തെ വിജയകരമായ സേവനത്തിനുശേഷം നമ്മോടു വിടപറയുകയാണ്. നമ്മുടെ ഇടവകയിലെ എല്ലാവരേയും ഒരുമിച്ചു നിർത്തി സമഭാവനയോടും, സൗഹാർദ്ദത്തോടും കൂടി ഇടയ ധർമ്മം നിറവേറ്റിയ വികാരിയച്ചന് ഓരോ ട്രസ്റ്റിമാരുടെ പേരിലും, അതുപോലെ തന്നെ ഇടവക ജനങ്ങളുടെ പേരിലും ഞങ്ങളുടെ ഹൃദയം നിറഞ്ഞ സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ മുന്നോട്ടുള്ള ജോലിയിൽ എല്ലാവിധ ആശംസകൾ നേരുകയും, ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഉയിർപ്പുകാലത്തിന്റെ ഈ അവസരത്തിൽ ദൈവം നമ്മളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. നമ്മുടെ ദുഷ്ചി ന്തകളും, വിദ്വേഷവും, വെറുപ്പും, ദുരാഗ്രഹങ്ങളും, വിശുദ്ധ കുരിശിൽ മരിച്ച യേശുവിന്റെ തിരുമുറിവുകളിൽ സമർപ്പിക്കാം. അങ്ങനെ യേശു ഉയർത്തെഴുന്നേറ്റതുപോലെ നമ്മുടെ മുന്നോട്ടുള്ള ജീവിതത്തിൽ മാറ്റം വരു ത്തികൊണ്ട് ഉത്ഥിതനായ യേശുവിനെപ്പോലെ ഒരു പുതുജീവിതം ആരംഭിക്കാം. ആ ജീവിതം സന്തോഷവും സമാധാനവും, സ്നേഹവും നിറഞ്ഞതാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്...

സ്നേഹപൂർവ്വം,
**ട്രസ്റ്റിമാർ**

*from Page 4....*

6. When we are in the presence of God who has called each of us, wounds secured in our vocation are healed. Contemplating His love, our minds are rejuvenated.
7. Miracles have decreased today due to our disobedience. Disobedience is due to our lack of faith. The God of miracles is alive even today.
8. When we are ready to do God's will, He Himself will bring to us whatever we need to accomplish it. It is only when we decide to give up positions and wealth not given by God that we can truly receive what God has prepared for us.
9. If we are always and everywhere looking to ensure our security, we will not be able to please God or do great things for Him.
10. Away from worldly eyes, deep in the recesses of our minds, the sins that we have hidden are often the reason for our problems.
11. The world seeks those who are talented and qualified. On the contrary, God blesses those HE calls with ability and quality.
12. We cannot succeed alone. Even behind those gains that seem to be personal, there are always persons who have influenced us, visibly and behind the scenes.
13. Instead of trying to make our future secure, it is wise to be secure in the Lord who controls our future. Because, He is faithful and trustworthy.

I beseech your prayerful support so that I may always do His will and bring glory to His name in my next journey. Once again, my heartfelt gratitude to all. May God's blessing be with you always.

**Fr. Thomas Kallukalam CMI**
Forane Vicar

# കർമ്മ നൈപുണ്യനിറവിൽ കൈനകരിയിലേക്ക്... സഫലമീയാത്ര!



*ആത്മീയവും, ഭൗതികവുമായ പരിഹാരങ്ങൾക്ക് വഴികാട്ടിയായി കഴിഞ്ഞ ആറു വർഷക്കാലം ബാംഗ്ലൂർ ധർമ്മാരാം സെന്റ് തോമസ് ഫൊറോനയുടെ ഇടയൻ റവ. ഫാ. തോമസ് കല്ലുകളം സി. എം.ഐ. തന്റെ സഫലമായ കർമ്മ നൈപുണ്യ നിറവിൽ 2017 മെയ് 14 ന് (ഞായർ) കർമ്മല സഭാ സ്ഥാപക പുണ്യ പിതാവ് ചാവറയച്ചന്റെ ജന്മഗേഹമായ കൈനകരി തീർത്ഥാടന കേന്ദ്രത്തിന്റെ ഡയറക്ടറായി സ്ഥലം മാറിപ്പോകുന്നു.*

*കർമ്മ മണ്ഡലമായ സെന്റ് തോമസ് ഫൊറോനയിലെ 1600 ഇടവകക്കാരുടെയിടയിൽ സ്നേഹത്തിന്റേയും കാര്യണ്യത്തിന്റേയും വിവേകത്തിന്റേയും പര്യായമായും ആദ്ധ്യാത്മിക ചൈതന്യത്തിന്റേയും അനുഭവസമ്പത്തിന്റേയും ഉദാത്ത മാതൃകയുമായി പ്രശോഭിച്ച ഈ വന്ദ്യ വൈദികൻ മനുഷ്യ സ്നേഹികളുടെ മനസ്സിൽ മായാത്ത മുദ്രയായും സദ് ഹൃദയങ്ങളിൽ സ്പന്ദനമായും ദൈവത്തിന്റെ പ്രതിപുരുഷനായി എന്നും നിലകൊള്ളും. കൂടാതെ, മണ്ഡ്യ രൂപതയുടെ മതബോധന കമ്മീഷൻ ഡയറക്ടർ, ദീപികയുടെ റീജണൽ ഡയറക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഇടയനൊപ്പം സ്വന്തം യാത്രയിൽ ഒരു തിരിഞ്ഞുനോട്ടം...*



**പ്രഫ. ഡോ. സെബാസ്റ്റ്യൻ കോതനല്ലൂർ**

**ധർമ്മാരാം സെന്റ് തോമസ് ഇടവകയിൽ അജപാലന ദൗത്യത്തിനു ലഭിച്ച അവസരങ്ങളെക്കുറിച്ച്......**

സെന്റ് തോമസ് ഇടവകയിൽ ശുശ്രൂഷ ചെയ്യുവാൻ എനിക്കിത് രണ്ടാമത്തെ അവസരമാണ്. പട്ടമേറ്റ് ഒന്നര വർഷത്തിനുശേഷം എം.റ്റി.എച്ച് പഠിക്കുവാനായി ധർമ്മാരാമിൽ വന്ന അവസരത്തിലാണ് ബഹു. ലൂഷ്യസ് നേരേപറമ്പിലച്ചന്റെ ട്രാൻസ്ഫർ. ഇടവകയിൽ അച്ചൻ നേതൃത്വം നൽകിയിരുന്ന വചനാത്മ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനം ഏറ്റെടുക്കുവാൻ അന്നത്തെ മാസ്റ്ററച്ചനും റെക്ടറുമായിരുന്ന ബഹു. തോമസ് കാടൻകാവിൽ അച്ചൻ ആവശ്യപ്പെട്ടതുപ്രകാരം ആ ഉത്തരവാദിത്വം സന്തോഷപൂർവ്വം ഏറ്റെടുത്തു.

രണ്ടാമത്തെ ഉദ്യമത്തിനുവേണ്ടി 2011 മെയ് 24ന് അന്നത്തെ ജനറാൾ ആയിരുന്ന ബഹു. ഫാ. ജോസ് പന്തംപ്ലാംതൊട്ടിയിലച്ചനാണ് എന്നെ ഈ ദൗത്യത്തിനായി പ്രത്യേകം നിയോഗിച്ചത്. പാരീഷ് ഹാൾ നിർമ്മാണത്തിന്റെ ഭാരിച്ച ഉത്തരവാദിത്വത്തിന്റെ സാഹചര്യമായിരുന്നതുകൊണ്ട് ജൂലൈ 3 ന് മെയിൻ ഹാളിന്റെ ആശീർവാദം വരെ കാത്തിരുന്നതിനുശേഷമാണ് ഞാൻ ചാർജ്ജെടുത്തത്.

അന്ന് ഒരേയൊരു ചിന്തയാണ് എന്നെ നയിച്ചത്: ദൈവം ആഗ്രഹിക്കുന്ന പ്രകാരം ഇടവകയ്ക്ക് എന്താണോ വേണ്ടത് അതു നിർവ്വഹിക്കണം. ഭാരിച്ച കടമുണ്ടായിരുന്നെങ്കിലും ദൈവകൃപയാൽ അവയെ തരണം ചെയ്യുവാൻ നല്ലവരായ ഇടവക അംഗങ്ങളുടെ സഹകരണവും പ്രാർത്ഥനയും കാരണമായി. അതോടൊപ്പം കൂടെയുണ്ടായിരുന്ന സഹ വി

കാരിമാരും, ട്രസ്റ്റിമാരും, പാരീഷ് കൗൺസിൽ അംഗങ്ങളും, അസോസിയേഷൻ ഭാരവാഹികളും, പ്രത്യേകിച്ചും വാർഡ് കൗൺസിലേഴ്സും വളരെയേറെ സഹായിച്ചു. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു.

**ഇടവകയിൽ തുടങ്ങിവച്ച ഓരോ പ്രസ്ഥാനങ്ങൾക്കും ലഭിച്ച പ്രചോദനങ്ങളെക്കുറിച്ച്...**

കടബാദ്ധ്യതയിൽ നിന്നുള്ള മോചനത്തിന് പ്രാർത്ഥനയിലൂടെ മാത്രമായിരുന്നു പ്രചോദനം ലഭിച്ചിരുന്നത്. അതിനായി വിഭാവന ചെയ്യതായിരുന്നു നിത്യാരാധന ചാപ്പൽ. അതിനുള്ള സാമ്പത്തികം ഇടവകയിൽ നിന്നും കിട്ടാൻ അന്ന് മാർഗ്ഗമില്ലായിരുന്നു. ഏഴ് ലക്ഷത്തിൽ അധികം രൂപ ചിലവായ ആ പദ്ധതി നല്ല മനസ്സുള്ള ദൈവജനത്തിന്റെ സഹായംകൊണ്ട് വളരെ ഭംഗിയായി പൂർത്തിയാക്കാൻ സാധിച്ചു.

കുട്ടികളുടെ വിശ്വാസ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുക എന്നതാതിരുന്നു അടുത്ത ലക്ഷ്യം. അതിനായി സൺഡേ സ്കൂൾ കുട്ടികളുടെ ധ്യാനം അവർക്കുതകുന്ന രീതിയിൽ കഴിഞ്ഞ ആറ് വർഷവും നടത്തുവാനായി. മാതാപിതാക്കളുടെ സഹകരണം ഒന്നുകൊണ്ടു മാത്രമാണ് ക്രമീകൃതമായ രീതിയിൽ വൻ വിജയമായി അവ നടത്തുവാനായത്. ഒപ്പം കുഞ്ഞുമക്കൾക്കുവേണ്ടിയുള്ള ബൈബിൾ നഴ്സറിയും യാദൃശ്ചികമായാണുണ്ടായത്. വേലക്കാരിയുടെ അടുത്താക്കിയിട്ട് ജോലിക്കുപോയ ദമ്പതികൾ കുഞ്ഞ് ദുരുപയോഗിക്കപ്പെട്ടതിന്റെ തിക്താനുഭവം പങ്കുവച്ചതിൽ നിന്നുമാണ് ബൈബിൾ നഴ്സറി രൂപപ്പെട്ടത്. പിന്നീടത് 10 ടീച്ചേഴ്സുള്ള 85 കുട്ടികളുടെ(1.5 മുതൽ 3.5 വരെ പ്രായം) കിഡ്സിയായിമായി.

ബ്ലെയ്ഡ് പലിശയ്ക്ക് കടം എടുത്ത് തീരാ ബാദ്ധ്യത അനുഭവിച്ചവരുടെ അനുഭവത്തിൽ നിന്നുമാണ് സാമ്പത്തിക ബാദ്ധ്യത അനുഭവിക്കുന്നവർക്ക് താങ്ങായി സൗഹാർദ്ദ കോ-ഓർപ്പറേറ്റീവ് സൊസൈറ്റിക്ക് രൂപ കൽപ്പന നൽകിയത്. ഡയറക്ടർ ബോർഡ് അംഗങ്ങളായ ഇഗ്നേഷ്യസ് സാർ, ചാക്കോച്ചേട്ടൻ, ഡേവീസ് ചേട്ടൻ എന്നിവരുടെയും ബഹുമാനപ്പെട്ട തോമസ് ഐക്കരയച്ചന്റെയും പ്രോത്സാഹനവും ഇതിനു കാരണമായി. ഈ മോഡൽ അനുകരിച്ച് 5 ഇടവകളിൽ ഇതു യാഥാർത്ഥ്യമാക്കിയതു തന്നെ ഇതിനുള്ള അംഗീകാരമാണ്.

ഏതു പ്രായപരിധിയിലും രോഗാവസ്ഥയിലുള്ളവർക്കുവേണ്ടി ഏർപ്പെടുത്തിയ മെഡിക്കൽ ഇൻഷുറൻസ് സ്കീം നമ്മുടെ ഇടവകയിലെ 300 ഓളം കുടംബങ്ങൾക്ക് ഉപകാരപ്രദമായതും ദൈവനിശ്ചയമായിരുന്നു.

ക്രിസ്തീയ മൂല്യങ്ങൾ മുറുകെ പിടിക്കുന്ന ഉദ്യോഗസ്ഥർ നമ്മുടെയിടവകയിൽ നിന്നുമുണ്ടാകണമെന്ന ഉൾവിളിയിലാണ് സമൂല വ്യക്തിത്വവികാസത്തിനുവേണ്ടിയുള്ള സ്റ്റാർട്ട് സംരഭത്തിന് ആരംഭമായത്. കഴിഞ്ഞ 5 വർഷമായി ഡോ. സിബിച്ചൻ കെ. മാത്യു ഐ. ആർ. എസ്. ന്റെ നേതൃത്വത്തിലും മുപ്പതോളം മെന്റേഴ്സിന്റെ സ്വയം പ്രേരിത സഹകരണത്തോടെയും 75 ഓളം കുട്ടികൾ ഇതിൽ പരിശീലനം നേടിവരുന്നു.

വേദനിക്കുന്ന സഹോദരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനാണ് വിൻസെന്റ് ഡി പോളിന്റെ നേതൃത്വത്തിൽ ജാതിമതഭേദമന്യേ ഫാമിലി റേഷൻ പദ്ധതി ആരംഭിച്ചത്. 65 ഓളം കുടുംബങ്ങൾക്ക് ആവശ്യമായ അരിയും പലചരക്കും നിരന്തരം നൽകി വരുന്നു. ഡോ. സി.ജെ റോയി ഇത്തരുണത്തിൽ ഇടവകയെ ഏറെ സഹായിക്കുന്നത് നന്ദിയോടെ അനുസ്മരിക്കുന്നു. വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലൂടെ ഇടവകയിലെ കുറെയധികം കുട്ടികൾക്ക് പ്രോത്സാഹനം നല്കുവാനായി. ഇതുപോലെ തന്നെ യുവജനങ്ങളുടെയും അൾത്താര ബാലന്മാരുടെയും നേതൃത്വത്തിൽ തണൽ എന്ന പദ്ധതിയും പാവങ്ങൾക്ക് ഏറെ ആശ്വാസമാകുന്നു. കാരുണ്യ വർഷത്തിൽ ഏറ്റവും പാവപ്പെട്ടവർക്ക് ഭക്ഷണം എത്തിച്ചുകൊടുക്കുവാനായി ആരംഭിച്ച പദ്ധതിയാണ് 'മന്ന'. ഇതിനു നേതൃത്വം നൽകുന്ന ബഹു. ജസ്റ്റിനച്ചനെ നന്ദിയോടെ ഓർക്കുന്നു. സർക്കാർ ആശുപത്രികളിലെ നനാ ജാതി മതസ്ഥരായ 250 ഓളം രോഗികൾക്ക് ഭക്ഷണപ്പൊതി ആഴ്ചയിൽ ഒരിക്കൽ നൽകി വരുന്നു. ഇതിനായി ഭക്ഷണം പാകപ്പെടുത്തുന്ന അമ്മമാരെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

സ്വയം തൊഴിൽ പരിശീലനത്തിനുവേണ്ടി കുടുംബിനികൾക്കായി ആരംഭിച്ച ടെയ്‌ലറിംഗ് സെന്റർ ഇന്ന്

ബാംഗ്ലൂർ സീറോമലബാർ ഇടവകകളിലെ ഏക ഹോളി വെസ്റ്റമെന്റ് യൂണിറ്റായി മാറി.

നമ്മുടെ ഇടവകയിലെ കുട്ടികളുടെ കഴിവുകളെ വികസിപ്പിക്കുന്നതിനുവേണ്ടിയാണ് സാന്തോം കലാവേദിയാരംഭിച്ചത്. ഇതിലൂടെ 35-ഓളം യുവജനങ്ങൾ അവരുടെ കലാവാസനകളിലൂടെ ക്രിസ്തീയ സാക്ഷ്യം നൽകിവരുന്നു. അതുപോലെ തന്നെ ആരംഭിച്ച ഒന്നാണ് കൊച്ചു കുട്ടികളുടെ ക്വയർ. സി. ജിൻസിയുടെയും റോണിയുടെയും നേതൃത്വത്തിൽ ഭംഗിയായി നടന്നുവരുന്നു. ലീജിയൺ ഓഫ് മേരിയും ഇക്കാലത്ത് തന്നെ തുടങ്ങിയതാണ്. മാതാവിന്റെ മാദ്ധ്യസ്ഥം തേടി അനുഗ്രഹം പ്രാപിക്കുവാൻ പുരുഷന്മാർക്കും സ്ത്രീകൾക്കും വ്യത്യസ്ത ശാഖകളും പ്രവർത്തിച്ചു വരുന്നു.

ഓർഗാനിക് ഫാമിങ്ങിന്റെ ഭാഗമായി ബഹു. ജെസ്റ്റിനച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച ടെറസ് ഗാർഡനിംഗിലൂടെ ഇന്ന് പല കുടുംബങ്ങളും സ്വയം പര്യാപ്തതയിൽ എത്തി.

**ഒരു വൈദീകനെന്ന നിലയിൽ അനുഭവിച്ച സന്തോഷങ്ങളും ദു:ഖങ്ങളും...**

നാടിനെ അപേക്ഷിച്ച് പ്രവർത്തന സാദ്ധ്യതകളേറെയാണിവിടെ. വിശുദ്ധിയുള്ള ഒരു വൈദികനായി ജീവിക്കുക എന്നതാണ് എന്റെ ലക്ഷ്യം. ഞാൻ കുറെ നല്ല കാര്യം ചെയ്തു എന്നതില്ലല്ല, മറിച്ച് ദൈവം ആഗ്രഹിച്ച കാര്യങ്ങൾ ഈ കാലഘട്ടത്തിൽ ഇടവകയ്ക്കുവേണ്ടി ചെയ്യുവാനായതിൽ ഞാൻ സർവ്വശക്തനായ ദൈവത്തിനു നന്ദി പറയുന്നു. ദൈവമഹത്വത്തിനും ജനങ്ങളുടെ നന്മയ്ക്കുമായി ഇവ നടപ്പാക്കുവാൻ ദൈവം എന്നെ ഒരു ഉപകരണമാക്കിയതിലാണ് എന്റെ സംതൃപ്തി.

നാൽപ്പതാം വയസ്സിൽ മോൺസിഞ്ഞോർ പദവിയിൽ വത്തിക്കാനിലെ സ്ഥാനപതി കാര്യാലയത്തിൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്ന സ്വന്തം സഹോദരീപുത്രൻ അച്ചന് ബിരുദത്തിനുശേഷം സെമിനാരിയിൽ ചേർന്നു ഒരു വൈദികനാകുവാനുള്ള പ്രചോദനം ഞാനായിരുന്നു എന്നറിഞ്ഞ നിമിഷമായിരുന്നു എന്റെ ജീവിതത്തിലെ ഏറ്റവും സായൂജ്യമനുഭവപ്പെട്ട നിമിഷം. എനിക്കും എന്റെ അമ്മാവനായിരുന്ന ബഹു. ഫാ. തോമസ് മണലേൽ, (ബത്തേരി രൂപത) ആയിരുന്നു പ്രചോദനം. എന്നാൽ, ദൈവേഷ്ടം നടപ്പാക്കാതെ ജനങ്ങളുടെ പ്രീതിക്കുവേണ്ടി ചെയ്തതെല്ലാം പരാജയപ്പെട്ടതിലാണ് ഞാൻ ദു:ഖിക്കുന്നത്. നേരെ വന്ന് ഓശാന പാടുകയും പുറകിലൂടെപ്പോയി ക്രൂശിക്കുകയും ചെയ്യുന്ന ചിലരുടെ സ്വഭാവം എന്നെ ഏറെ വേദനിപ്പിച്ചിട്ടുണ്ട്. ദൈവഹിതമാണോയെന്നാലോചിക്കാതെ ജനങ്ങളുടെ ഇംഗിതത്തിനു വഴങ്ങി ചെയ്ത അബദ്ധങ്ങൾ എനിക്കു വലിയ പാഠമായിത്തീർന്നു.

**ഇനി ഇടവകയ്ക്ക് ഒരു സന്ദേശം...**

സഭയിലെ ഏറ്റവും വലിയ പാപങ്ങളിലൊന്നാണ് വിഭാഗീയത. വാക്കിലൂടെയും ചിന്തയിലൂടെയും പ്രവൃത്തിയിലൂടെയും വിഭാഗീയത ഉണ്ടാക്കരുത്. വ്യഭിചാരത്തേക്കാൾ വലിയ പാപമായി ഞാൻ അതിനെ കരുതുന്നു. കഠിന പാപികളാണിവർ, വിഭാഗീകത ഉണ്ടാക്കുന്നവർ പരിശുദ്ധാത്മാവിനെതിരായി പ്രവർത്തിക്കുന്നു. സഭയിൽ വിഭജനം ഉണ്ടായതും ഈ വിഭാഗീയതയിലൂടെയായിരുന്നു. അതിന്റെ 500-ാം വർഷവും മാർപാപ്പ സഭയുടെ ഏകീകരണത്തിനുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം ആഗ്രഹിക്കുന്നതാണ് സഭയുടെ ഐക്യം - ഒരിടയനും ഒരു തൊഴുത്തും. ഇടവകതലത്തിൽ വേണം ഇത് ആരംഭിക്കേണ്ടത്. ഇല്ലെങ്കിൽ ഇടവക വളരില്ല. കൂട്ടായ്മയിൽ ദൈവകൃപ കൂടുതലായി ഉണ്ടാവും. ദൈവം നൽകിയ കഴിവുകൾ നല്ല രീതിയിൽ വളർത്തണം, അതു ബോധപൂർവ്വകമായി പങ്കുവയ്ക്കപ്പെടണം. പാവപ്പെട്ടവരെ മറന്നു പ്രവർത്തിക്കുന്നത് അധഃപതനമാണ്. വേദനിക്കുന്നവരിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാൻ പരിശ്രമിക്കുക, അതാണ് നമ്മെ സ്വർഗ്ഗപ്രാപ്തിയിലെത്തിക്കുന്നത്. ആ സ്നേഹമാണ് നമ്മെ ക്രിസ്തുവിലെത്തിക്കുന്നത്. ആ സ്നേഹത്തിൽ വേണം നാം ഒന്നായിത്തീരേണ്ടത്. സ്നേഹസേവനത്തിലൂടെ ക്രിസ്തുവിൽ വളരുക.

സ്ഥലം മാറ്റത്തിലൂടെ ഏതോ ഒരു വലിയ കാര്യം എന്നിലൂടെ നിർവ്വഹിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. 87 വയസ്സു കഴിഞ്ഞ അമ്മയും ആഗ്രഹിക്കുന്നത് മറ്റൊന്നുമല്ല - ''മോനിങ്ങു വന്നല്ലോ''!

**സഫലമീ ജീവിതം... സഫലമീ യാത്ര...**

**അച്ചന് ഇടവകയുടെ സ്നേഹോഷ്മളമായ യാത്രാമംഗളങ്ങൾ!**



# മാതൃഭക്തി ആധുനിക ലോകത്തിൽ

മിനി എ.വി.

ദൈവം മനുഷ്യന് പ്രദാനം ചെയ്തിട്ടുള്ള വരങ്ങളിൽ വച്ച് ഏറ്റവും മഹോന്നതമാണ് ദൈവമാതൃത്വം. അമ്മ എന്നുള്ളത് എല്ലാവരേയും സംബന്ധിച്ചിടത്തോളം ഒരു സത്യമാണ്. അമ്മ നന്മയുടെ ഉറവിടമാണ്. ഈശോ കുരിശിൽ കിടക്കുന്ന അവസരത്തിൽപോലും തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും അടുത്തു നിൽക്കുന്നത് കണ്ടിട്ട് അമ്മയോട് ഇതാ നിന്റെ മകനെന്നും പറഞ്ഞുകൊണ്ട് ആ അമ്മയെ ഈ ലോകത്തിനു തരികയായിരുന്നു. തന്റെ ജീവിതത്തിൽ എത്രമാത്രം വേദനകളും സങ്കടങ്ങളും ഉണ്ടായാൽപോലും ആരോടും പറയാതെ എല്ലാം ഉള്ളിൽ സംഗ്രഹിച്ചുകൊണ്ട് ജന്മപാപമില്ലാതെ ജീവിച്ച അമ്മ. ആ അമ്മയുടെ എളിമയെന്ന പുണ്യമാണ് അമ്മയെ ഇത്രമാത്രം ഉയർത്തിയത്. അമ്മയുടെ സ്തോത്ര ഗീതത്തിൽപോലും എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു, എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിച്ചു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു. ഇതാ ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും. ഇത് ദൈവമാതാവിന്റെ ആത്മാവിന്റെ പ്രതിധ്വനിയാണ്. മിശിഹാനാഥൻ മറിയത്തെ തിരഞ്ഞെടുത്തപ്പോൾ അവൾ സകല സ്ത്രീകളിലും അനുഗ്രഹീതയായി തീർന്നു. അമ്മ തന്റെ അർപ്പണം അതിന്റെ പരിപൂർണ്ണതയിൽ നിർവ്വഹിച്ചു.

പരിശുദ്ധ അമ്മയുടെ നേരെയുള്ള ഭക്തി നിത്യരക്ഷയുടെ അടയാളമാകുന്നു. മറിയം കൃപകണ്ടെത്തിയത് അവൾക്കുവേണ്ടി മാത്രമല്ല ലോകത്തിനു മുഴുവനും വേണ്ടിയാണ്. എല്ലാ നാരകീയ ശക്തികൾക്കുമെതിരായി അമ്മ നൽകിയ ഏറ്റവും നല്ല ആയുധമാണ് ജപമാല. ജപമാലയിലൂടെ പരിശുദ്ധ അമ്മ നമ്മിൽ ജീവിക്കുന്നു. ക്ലേശങ്ങളുടെ ഈ ലോകത്തിൽ സഹയാത്രികരായ നമ്മൾ ബലഹീനരാകയാൽ തളർന്നു വീഴാതിരിക്കാൻ ഒരു കൈത്താങ്ങാണ് ജപമാല. പല തരത്തിലുള്ള പ്രതിസന്ധിഘട്ടങ്ങളിലും ജപമാല വിജയം നൽകിയിട്ടുള്ള അനുഭവങ്ങൾ നമ്മൾ ശ്രവിച്ചിട്ടുണ്ട്. ലൂർദ്ദിലും ഫാത്തിമായിലും അമ്മ പ്രത്യക്ഷപ്പെട്ടപ്പോൾ പോലും ജപമാലയേക്കുറിച്ചാണ് ആഹ്വാനം ചെയ്തത്.

ആധുനിക ലോകത്തിൽ മനുഷ്യന് പാപബോധം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇതാണ് ഇന്നത്തെ ഏറ്റവും വലിയ വിപത്ത്. മനുഷ്യൻ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ രോഗികളാണ്. രോഗത്തിന്റെ കാരണം കണ്ടെത്തി ചികിൽസിച്ചാൽ രോഗശമനം ലഭിക്കും. ഇതിന്റെയെല്ലാം പരിണിതഫലങ്ങളാണ് ഇന്നു നാം കാണുന്ന യുദ്ധങ്ങളും യാതനകളും. സാമൂഹ്യമായ അസ്വസ്ഥതകളും അമ്മ പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ട് ആശ്വാസം നൽകാനായി ആഗ്രഹിച്ചുകൊണ്ട് കടന്നു വരുന്നു. ആ അമ്മയുടെ പാപമാലിന്യമേശാത്ത സ്നേഹവാൽസല്യവും നാം തിരിച്ചറിയണം.

നമ്മുടെ ജീവിതത്തിൽ അദ്ധ്യാത്മികവും ഭൗതീകവുമായ ആവശ്യങ്ങളിൽ എത്രസഹജമായ സ്നേഹത്തോടെ തേടി വരുന്ന അമ്മയെ വിളിച്ചാൽ ഒരിക്കലും തള്ളികളയില്ല. തകർന്ന മാനവരാശിയെ രക്ഷിക്കാൻ തന്റെ ഓമൽ കുമാരനെ ബലിയായ് പിതാവിന് സമർപ്പിച്ച അമ്മ എത്രമാത്രം സ്നേഹത്തോടെ നമ്മെ കാണുന്നു. ആധുനിക ലോകത്തിൽ ജീവിക്കുന്ന നമുക്ക് ആ അമ്മയുടെ സ്നേഹസ്പർശനത്തിനായ് കാതോർക്കാം. പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# HIS MOTHER... MINE, TOO.





**Sweetha Mary Rejy**

I knew the 'Hail Mary' from a very young age. It must have been one of the first prayers I learnt. I remember my mother telling us about the power in the "3- Hail- Marys" . Often, without thinking twice about what it actually meant I'd recite the "Hail Mary'....whenever faced with trials, problems, wishes.....for instant relief, I chose this particular prayer.

Now I'm older, yet, I run to Mother Mary every time I'm faced with a challenge, every time I need to tell Jesus something, every-time I need... a mother's hug. When Jesus gave us His mother at the foot of the Cross, He did it because He knew that what each of us requires, is a mother... His mother.

When my mother passed away, I remember the priest saying a prayer for us, asking Mother Mary to be our mother . At that time, I found it a little difficult to really accept. Yet it stayed in my mind. Over the last year I have found myself turning to Mother Mary in all situations I would have turned to my own mother. There is a comfort and solace in Mother Mary's presence that words cannot describe....It has to be experienced.

I really admire the Blessed Virgin's quiet presence in all instances of Jesus' life, as described in the New Testament. She never looked for glory or admiration. On the contrary, she understood each need and did whatever she had to.....always in obedience to God. Even at the wedding in Canaan, she understood the lack of wine, told Jesus, and then asked the others to obey whatever Jesus asked them to do!! Even today, that is exactly what she does...in each of our lives. Often we may not even realize what we really need. But, just like our earthly mothers, she loves us unconditionally, and intercedes for us endlessly.

Today, I've passed on the "3- Hail-Marys" to my children....They may not know what it's worth now, But I'm sure that this seed will bear fruit... especially when they most require it.

A lot of the world is celebrating Mothers' Day on May 14th. I think it's apt that mothers' day is celebrated in the month of May, which is dedicated to Mother Mary, too. She is the perfect example of a mother and is rightly the MOTHER of all, including mothers everywhere!

Every time you need a hug, a place to hide, a solution, a mother,.....run to Mother Mary!! She loves it when her children go to her....and her Son loves it too!!


**25th Wedding Anniversary**
**26-4-1992**



**P. P. VARGHESE & JOLLY VARGHESE**

*Best Wishes,*
**Cijo, Cinto, Relatives & Friends**



# Why Silence is not a Virtue



**By Shibu Joseph**

The zealotry unleashed in the name of cow vigilantism that saw the brutal death of a Muslim man in UP a few weeks ago is still vivid in our memory. Only weeks before that we watched on television a group of African students being chased and beaten by a local mob in Noida. Around the same time Gurmehar Kaur, the 20-year-old student of Lady Shri Ram College in New Delhi, was trolled on social media for speaking out her mind against war atrocities that killed her dad. It wasn't long ago that television channels, newspapers and social media competed among themselves to attack priests and nuns in Kerala following the arrest of a rogue priest who allegedly impregnated a minor. They pounced on those hapless people like wild dogs and disrobed them in public, so to speak.

And in the face of such brute force what has been the response of the so-called responsible members of the society that includes all of us? How many of us chose to speak for these victims even though we knew they were wronged? We chose to be silent, didn't we? Why?

Because it did not concern us. It was somebody else's problem;

Because the man attacked in UP was a Muslim, NOT ONE OF US;

Because the students beaten-up in Noida were Africans, NOT MY COUNTRYMEN;

Because Gurmehar Kaur, who "asked for trouble", was just another girl, NOT MY SISTER;

Because the innocent priests and nuns who were dragged into the controversy and shamed publicly belonged to a different species altogether, NOT MY BROTHER OR SISTER. And we conveniently forget the fact that for a few rogue priests and nuns, there are hundreds

of thousands of innocent others who selflessly work for even the ones who throw muck at them.

The well-known aphorism should shame us. It says, "The only thing necessary for the triumph of evil is that good men do nothing." And that is exactly most of us do. It is because we the so-called good men do not raise our voices in protest that such vigilantes go around attacking everyone who does not toe their line. It is because we choose to look the other way that innocent people are trolled on social media leading some of them to death. It is because we choose to be silent that people don the garb of moral police and terrorise the naive. Silence is tantamount to acquiescence.

One of the favourite quotations of late US President John F Kennedy was based upon an interpretation of Dante's Inferno. It says, "The hottest place in hell is reserved for those who in time of moral crisis preserve their neutrality.'" In the Inferno, Dante and his guide Virgil, on their way to hell, pass by a group of dead souls outside the entrance to hell. Virgil explains to Dante that these souls cannot enter either heaven or hell. And what was their sin? They had never taken a side while they were alive. They had spent their lives watching which way the wind was likely to blow.

I am reminded of the German pastor Martin Niemoller who penned a famous poem from the Nazi concentration camp. He had initially supported the Nazis but later opposed them. Blaming his own silence in the early days of Nazi atrocities, he wrote this famous 'Holocaust poem':

"First they came for the Socialists, and I did not speak out

Because I was not a Socialist.

Then they came for the Trade unionists, and I did not speak out

Because I was not a Trade unionist.

Then they came for the Jews, and I did not speak out

Because I was not a Jew.

Then they came for me, and there was no one left to speak for me."

Much of the problem in our society stems from the indifference of good men. As that great reformer Dr Martin Luther King junior whom I have great respect for, put it: "There comes a time when silence is betrayal. And that time is now." King goes on to say, "The ultimate measure of a man is not where he stands in moments of comfort and convenience, but where he stands at times of challenge and controversy."

Speak out we must, and speak out at the right time and place. That's the measure of a man that the youth should aspire to. We must fear evil men. But there is another kind of evil which we must fear most, and that is, the indifference of good men.

This is not a call to arms, it's a call to end the silence, to speak for what you think is right and to stand up and be counted. Silence is not a virtue, as you may have been told in another context. Silence is betrayal when hapless individuals look to you for support but you choose to be quiet, silence is sin when an innocent person is attacked and you look the other way, silence is a crime when you refuse to save someone from the hands of marauding men. The celebrated author Dan Brown in his book Inferno wrote: "In dangerous times, there is no sin greater than inaction." We indeed are living in dangerous times.

*(Shibu Joseph is a Senior Editor at The Economic Times and Founder of A BRIDGE Over Troubled Waters, an organisation committed to the care of families that have lost their breadwinners. You may contact him on Ph.: 9739218181)*

# SISTERS OF ST. MARTHA'S CONGREGATION (SMC)



Sr. Thejas Maria SMC

There are many religious congregations for women in Kerala, inviting towards a consecrated life dedicating themselves to various apostolic activities that manifest their specific identity. Sisters of St. Martha's Congregation is a religious community for women, which took shape in the Catholic Church by the infinite Providence of God, on March 11th 1958, at Moolamattam in the diocese of Palai, Kerala, India. The Sisters of St. Martha's Congregation, with profound gratitude,acknowledge and revere Mar Sebastian Vayalil, the first bishop of Palai, and Mr. Mathew Joseph Kalapurayilas the founders of the congregation generalate is situated at Pala in Kerala.

The great examples of Jesus Christ and His words are the basic ideal and motivating power which lead the congregation throughout its journey. The biblical command "the son of man came not to be served but to serve" (Mt. 20:28) is the source of the spirit and inspiration of our congregation. Therefore we have adopted the motto 'To Serve is Glory.'

Sisters of St. Martha's Congregation, by the grace of Almighty, is spreading its branches far and wide, giving out beautiful fragrance, like a tree deeply rooted in serving spirit of St. Martha and St. Mary of Bethany. It means the sisters are not only to follow the example set by St. Martha who served Jesus with perfect sincerity and love but also that of Mary who sat at the Lord's feet and listened to His words of life. The congregation has received the charism of doing humble service to the people of God especially the poor women and children in distress. The Sisters of St. Martha's Congregation render humble service through various apostolates like family, education, pastoral works, hostels for girls, old age homes, and various healing ministries through dispensaries and hospitals. The zeal and charism of the mission and vision help us to flourish in many areas and gives courage and enthusiasm to spread the kingdom of God. Our services are extended to 14 eparchies with 52 communities in India and also few communities in Germany and Italy.

Besania study house in Bengaluru, a hostel for the sisters and girls studying at different institutions nearby,was established in 1990. The hostel can accommodate 75 girls and few sisters, mostly those who are studying in DVK and Christ University. Our community consists of four sisters led by the superior, Sr. Regin Rose. The sisters from the community also render their service at St. Thomas parish church in various ways.

# ഇടവക വാർത്തകൾ



### മലയാള പഠനവും വ്യക്തിത്വ വികസന ക്യാമ്പും

നമ്മുടെ ഇടവകയിലെ കുട്ടികൾക്ക് മലയാള പഠനത്തിനും വ്യക്തിത്വവികസനത്തിനും അവസരമൊരുക്കുന്നതിനായി മെയ് 8 മുതൽ 19 വരെ



ക്ലാസ്സുകൾ നടത്തപ്പെടുന്നു. ധർമ്മാരാമിൽനിന്നുള്ള വൈദിക വിദ്യാർത്ഥികൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്.

### ബൈബിൾ നഴ്സറി ക്ലാസ്സുകൾ



ഇടവകയിലെ 2 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കായി Kidzee-Angels Nest ന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 18 മുതൽ അവധിക്കാല ബൈബിൾ നഴ്സറി ക്ലാസ്സുകൾ നടത്തിവരുന്നു. 15 കുട്ടികൾ ഇതിൽ പങ്കെടുക്കുന്നു.

### Catechism Re-Exam & Scholarship Examination

Catechism Exam എഴുതാത്തവർക്കും പാസ്സാവാത്തവർക്കുമായി Re-Exam ഉം, Catechism



Scholarship Exam ഉം ഏപ്രിൽ 23–ാം തിയതി നടത്തി

### St. Thomas Youth ന്റെ ജനറൽബോഡി മീറ്റിംഗ്

SMYM, St. Thomas Youth ന്റെ ജനറൽബോഡി മീറ്റിംഗും, പുതിയ പ്രതിനിധികളുടെ തെരഞ്ഞെടുപ്പും ഏപ്രിൽ 30–ാം തിയതി നടത്തി. പുതിയ ഭാരവാഹികൾക്ക് ഭാവുകങ്ങൾ.

### യാത്രാമംഗളങ്ങൾ

കഴിഞ്ഞ 6 വർഷക്കാലം നമ്മുടെ വികാരിയായി സ്തുത്യർഹമായ സേവനം ചെയ്ത ശേഷം സ്ഥലം മാറി പോകുന്ന ബഹു. തോമസ് കല്ലുകളം അച്ചൻ മെയ് 11–ാം തിയതി വ്യാഴാഴ്ച ഔദ്യോഗികമായ യാത്രയയപ്പ് നൽകി.



വൈകുന്നേരം 5.30 ന് കൃതജ്ഞതാബലി അർപ്പിച്ചു. തുടർന്ന് പാരീഷ് മെയിൻ ഹാളിൽവച്ച് പൊതുസമ്മേളനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. മെയ് 12–ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം ദിവ്യബലിക്കുശേഷം നാളിതുവരെ ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി അർപ്പിച്ചുകൊണ്ട് ആരാധന നടത്തി.

കൈനകരിയിലെ ചാവറ ജന്മഗൃഹം സ്ഥിതിചെയ്യുന്ന തീർത്ഥാടനകേന്ദ്രത്തിന്റെ സുപീരിയറായി ചാർജെടുക്കുന്ന അച്ചന് ഇടവകയുടെ അകമഴിഞ്ഞ നന്ദിയും പ്രാർത്ഥനാമംഗളങ്ങളും.

## സ്വാഗതം



ഇടവകയുടെ പുതിയ വികാരിയായി ചാർജെടുത്ത ബഹു. സിറിയക് മഠത്തിൽ സി.എം.ഐ. അച്ചന് ധർമ്മാരാം സെന്റ് തോമസ് ഫൊറോനയിലേക്ക് ഹൃദ്യമായ സ്വാഗതം.

### ഓർത്തിരിക്കാൻ

- 'Thanal' ന്റെ ആഭിമുഖ്യത്തിൽ പാവപ്പെട്ടവരെ സഹായിക്കുള്ള ധനശേഖരണാർത്ഥം നമ്മുടെ വീടുകളിലുള്ള പഴയ ന്യൂസ് പേപ്പറുകളും ബുക്കുകളും കളക്റ്റു ചെയ്യുന്നുണ്ട്. സാധിക്കുന്ന എല്ലാവരും ഈ ഉദ്യമത്തോട് സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.
- Kidzee-Angels Nest ന്റെ ആഭിമുഖ്യത്തിൽ 4 മാസത്തെ പ്രി–സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നു. വിശദവിവരങ്ങൾക്ക് Kidzee ഓഫീസുമായി ബന്ധപ്പെടുക.
- STARTT ൽ ചേർന്നിട്ടുള്ള കുട്ടികളുടെ Summer Camp, മെയ് 20, 21 തീയതികളിൽ നടത്തപ്പെടുന്നു.
- Sunday Catechism പുതിയ അദ്ധ്യയനവർഷം ജൂൺ 4–ാം തിയതി ആരംഭിക്കുന്നു.
- അടുത്ത Marriage Preparation Course, June 9, 10, 11 – വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെടുന്നു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും പാരീഷ് വെബ്സൈറ്റ് കാണുക.
- അക്ഷരലോകത്തേക്ക് ആദ്യമായി പ്രവേശിക്കുന്ന കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും, ആരാധനയും, എഴുത്തിനിരുത്തുന്ന ശുശ്രൂഷയും പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും പെന്തക്കൊസ്ത തിരുനാളിന് തലേന്ന് ജൂൺ 3–ാം തിയതി ശനിയാഴ്ച വിശുദ്ധ കുർബാനയ്ക്ക് ശേഷം നടത്തപ്പെടുന്നു.
- നമ്മുടെ ഇടവകയുടെ നേതൃത്വത്തിൽ മണ്ഡ്യ രൂപതയ്ക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂളിന്റെ വെഞ്ചരിപ്പ് കർമ്മം ജൂൺ 4 ന് വൈകുന്നേരം 4 മണിക്ക് ദിവ്യബലിയോടെ നടത്തപ്പെടുന്നു. മണ്ഡ്യ രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവാണ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്. എല്ലാവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.
- Kidzee-Angels Nest ന്റെ ആഭിമുഖ്യത്തിൽ ജൂൺ 5 മുതൽ ബൈബിൾ നഴ്സറി ക്ലാസ്സുകൾ ആരംഭിക്കുന്നു.

### സാന്തോം ഗ്രീൻ ആർമി

സെന്റ് തോമസ് ഫൊറോന പള്ളിയുടെ ആഭിമുഖ്യത്തിൽ നാനോ ടെക്നോളജി എന്ന നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ടെറസ് കൃഷി ചെയ്യുന്നതിന് ആവശ്യമായ അറിവും പരിശീലനവും നൽകുന്നു.

ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഇടവക ഓഫീസുമായി ബന്ധപ്പെടുക. ഗ്രോ ബാഗും കൃഷിക്കാവശ്യമായ നാനോ ടെക്നോളജി ഉത്പ്പന്നങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതായിരിക്കും

**Sebastian: 9482865512,**
**John: 8050061434**

### 1st Wedding Anniversary

**08-5-2016**



## Jinu & Honey

*Best Wishes,*
**Paulson and Family**
St. Alphonsa Ward

# നമ്മുടെ ഇടവകയിലെ വിശുദ്ധവാര തിരുക്കർമ്മങ്ങളിൽ നിന്ന്...


















# പ്രിയ ബഹുമാനപ്പെട്ട തോമസ് കല്ലുകളം അച്ചന്
# ഇടവക സമൂഹത്തിന്റെ യാത്രാമംഗളങ്ങൾ...























Kidzee-Angels Nest Annual Day പ്രോഗ്രാമിൽ നിന്ന്...




തോമസ് കല്ലുകളം അച്ചന് സാന്തോം യൂത്തിന്റെ യാത്രമംഗളങ്ങൾ



മലയാള പഠനവും വ്യക്തിത്വ വികസനവും, ധർമ്മാരാം ബ്രദേഴ്സിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു






# Six years which will last a lifetime

Out of our ignorance when we were busy telling, this vicar is not as good the previous one, there was a serious little bearded priest whose conviction was diamond strong that said. I am here not to please you all, I am here to do what this parish needs as per the will of God.

He knew at heart that youth were the pillars of the growing church, he sternly took parallel responsibilities of being the director of central and parish youth.

He very gently yet meticulously made the leaders realise that, we are all bestowed with responsibilities, not to please ourselves or our dear ones, but because the Almighty wants us to raise in abilities by working gods will through our leadership.

In everything we did, he wanted us to be enriched with a god experience, which ultimately resulted in being more faithful and courageous to lead a Christian Life.

When our parish hall's financial burden stood as Goliath, with total trust on God and the help of good willed parishioners, our beloved father stood as David to face it all and eventually lead us into this present comfortable position

His words will echo through these church walls for a long time, which sounds like this, "ask ourselves, are we working as per God's will", the day we answer this question sincerely ,we will know ourselves and our missionary call.

The day we start celebrating those words, we will realise what our beloved vicar always said.

With lot of reverence and gratitude, we St. Thomas Youth, will salute, cherish and pray for all endeavours this simple vicar takes up, thank you Dr Rev Fr. Thomas Kallukalam CMI.

**St. Thomas Youth Association**

# എഫാത്ത ബൈബിൾ ക്വിസ്




## ദാനിയേൽ 1 7

1) ബാബിലോണിലെ ജ്ഞാനികളെ എല്ലാം വധിക്കാൻ പുറപ്പെട്ട രാജസേനാനിയുടെ പേരെന്ത്?
2) അത്യുന്നതനായ ദൈവത്തിൽ നിന്നു എന്റെ നാഥനായ രാജാവിന്റെ മേൽ വന്നു എന്താണത്?
3) പ്രതിമ തകർത്ത കല്ലാകട്ടെ ഒരു മഹാ പർവ്വതമായിത്തീർന്ന് എവിടെ നിറഞ്ഞു നിന്നു?
4) ആയിരമായിരം പേർ അവനെ സേവിച്ചു പതിനായിരം പതിനായിരം പേരോ?
5) ആരെ സംബന്ധിക്കുന്ന പരാമർശങ്ങളാണ് ദാനിയേലിന്റെ പുസ്തകത്തെ ഏറ്റവും അധികം ശ്രദ്ധേയമാക്കിയത്?
6) രാജാവേ ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം എവിടെ നിന്ന് ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്?
7) അവിടുന്നാണ് നിത്യനും ജീവിക്കുന്നവനുമായ ദൈവം അവിടുത്തെ രാജ്യം ഒരിക്കലുമോ?
8) ദാനിയേലിനോട് അവനു പ്രീതിയും അനുകമ്പയും തോന്നാൻ ആര് ഇടയാക്കി?
9) ദൈവം നിന്റെ രാജ്യത്തിന്റെ നാളുകൾ എണ്ണുകയും, അതിന്റെ അവസാനം കുറിയ്ക്കുകയും ചെയ്തിരിക്കുന്നു എന്നതിന്റ അർത്ഥമെന്താണ്?
10) ബൽഷാസർ ആരുടെ പേരാണ്?
11) അവൻ സ്വപ്നം എഴുതിയിടുകയും എന്താണ് അറിയിക്കുകയും ചെയ്തത്?
12) നിന്റെ ദൈവം സത്യമായും ദേവൻമാരുടെ ദൈവവും, രാജാക്കൻമാരുടെ കർത്താവും എന്തു വെളിപ്പെടുത്തുന്നവനുമാണ്?
13) ഒരു മനുഷ്യന്റെ കൈവിരലുകൾ പ്രത്യക്ഷപ്പെട്ടു ദീപ പീഠത്തിനു നേരെ രാജകൊട്ടാരത്തിന്റെ മിനുത്ത ഭിത്തിയിൽ എന്തു ചെയ്തു?
14) വാന മേഘങ്ങളോടുകൂടെ മനുഷ്യ പുത്രനെപ്പോലെ ഒരുവൻ വരുന്നു അവനെ ആരുടെ മുമ്പിലേക്കാണ് ആനയിച്ചത്?
15) ബാബിലോൺ ദേശത്തെ ഭരണാധികാരികളായി നിയമിച്ചിരുന്നവർ ആരൊക്കെ?

## Ephatha Bible Quiz

1.. Who was the king's chief executioner assigned to execute the wise men of Babylon?
2. 'O king, and it is a ........ of the Most High that has come upon my lord the king.'
3. What did the stone that struck the statue become?
4. A thousand thousands served him, and ten thousand times ten thousand stood ........ him.
5. Descriptions about which person has made the book of Daniel noteworthy?
6. If our God whom we serve is able to deliver us from ..................... and out of your hand, O king, let him deliver us.
7. For he is the living God, enduring forever. His kingdom shall ......... .
8. .......... allowed Daniel to receive favor and compassion from the palace master.
9. 'God has numbered the days of your kingdom and brought it to an end' This was the interpretation of which word?
10. Who was named 'Belteshazzar' ?
11. In the first year of King Belshazzar of Babylon, Daniel had a dream and ........ of his head as he lay in bed.
12. "Truly, your God is God of gods and Lord of kings and a revealer of .......... , for you have been able to reveal this mystery!"
13. The fingers of a human hand appeared and began ........ on the plaster of the wall of the royal palace, next to the lamp stand.
14. 'one like a human being coming with the clouds of heaven. And he came to the ......... and was presented before him.'
15. What were the names of the Jews appointed over the affairs of the province of Babylon ?

## നിബന്ധനകൾ

1. 2017 മെയ് 21-നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കുടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഓ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (വചനത്തിന്റെ reference എഴുതണം).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## BIBLE QUIZ ANSWERS REFERENCE (April 2017)

### എസെക്കിയേൽ 41 – 48

| | | |
|---|---|---|
| 1) | വിശുദ്ധമാണ് | 48: 14 |
| 2) | എഴുതി വയ്ക്കുക | 43: 11 |
| 3) | നിങ്ങൾക്കുണ്ടായിരിക്കണം | 45: 10 |
| 4) | തറ | 41: 8 |
| 5) | ഉപ്പ് | 43: 24 |
| 6) | ആരാധന നടത്തണം | 46: 3 |
| 7) | മേശ | 41: 22 |
| 8) | കാഴ്ച വസ്തുക്കൾ | 45: 16 |
| 9) | അങ്കണത്തിലേയ്ക്ക് | 43: 5 |
| 10) | അന്യരെ | 44: 8 |
| 11) | യാഹ്വെഷാമ | 48: 35 |
| 12) | അതാ കിഴക്ക് നിന്ന് | 43: 12 |
| 13) | ശുദ്ധജലമാക്കുന്നു | 47: 8 |
| 14) | പുരോഹിതൻമാർക്കുള്ളതാണ് | 44: 30 |
| 15) | ബലിവസ്തുക്കൾ | 42: 13 |

## BAPTISM

| | | |
|---|---|---|
| 1 | Antonio Elanjikkal Lince (Davis) | 19.04.2017 |
| 2 | Iris Baby | 22.04.2017 |
| 3 | Diya V L (Rosily) | 23.04.2017 |
| 4 | Suma M C (Rose) | 27.04.2017 |
| 5 | Serah Bijo (Alphonsa) | 30.04.2017 |
| 6 | Adria S Tinto | 03.05.2017 |
| 7 | Ruthvik Abilash Stanly (Stanly) | 06.05.2017 |

## DEATH

Reeta Fernandez 05.05.2017




## Bible Quiz കഴിഞ്ഞ ലക്കം വിജയികൾ

**Mr. Shijo P.J. St. Francis Assisi Ward**

**Thankamma Joseph, Infant Jesus Ward**

**Bibin Philip, St. Paul's Ward**

## MARRIAGE

| | | |
|---|---|---|
| 1 | Prashanth Melvin D'Souza & Preeti Santhan Fernandez | 22.04.2017 |
| 2 | Richard Anthony & Joana Catherin J | 23.04.2017 |
| 3 | Louis Sanil P S & Asha Thankachan | 26.04.2017 |
| 4 | Deepak B & Reena Lumin Lobo | 29.04.2017 |
| 5 | S Franklin Balraj & Amitha Susan R | 30.04.2017 |
| 6 | Franklin Francis & Reeja Chacko | 01.05.2017 |
| 7 | Thomas Dominic & Annie Divya George | 04.05.2017 |
| 8 | Varghese George & Sangeetha John | 06.05.2017 |
| 9 | Franco Roy & Rosmin Johnson | 07.05.2017 |
| 10 | Dinesh Kumar Anthony & D Maria George | 08.05.2017 |

## 25th Wedding Anniversary
## 24-5-2017



**BABU VARGHESE & SHANTY BABU**

*Best Wishes,*
**Bincy, Bismy**

# BONIYEM

## CATERERS & EVENTS

From the Group of Royal Chef Caterers Chalakudy Kerala












Door No. 5 Koppa Main Road ,Near Christ Academy School, Bingipura, Bangalore

www.boniyemeventplanners.com, Email : boniyembangalore@gmail.com, boniyemeventplanners

Ph : +91 9481 424 113, 91 9008 176 049, +91 9481 423 559



Five Star Deluxe Standards and Hygienic Tasty Food Are the Hall Mark of
Mangalya
CATERERS
THE ART OF FINE CATERERS
H.O.: 98806 17261, 97438 99948
Our Specials
Duck Roast
Prawns Fry
Fish Moly
Pork Vindaloo
മംഗല്യ
മലയാളികളുടെ വിശ്വസ്ത സ്ഥാപനം




JC
JAISON CATERERS
The Taste of Bangalore)
Jaison Vezhapparambil
Tel: 080 25524540
Cell: 92431 03753
No. 8, Brindavan Nagar, Ramaiah Gardens, D.R.C. Post
Bangalore - 560 029
E-mail : jaisoncaterers@yahoo.com

# CHRIST NAGAR

VILLAS & PLOTS

ARATT
Changing the way you live

NEAR TO APC CIRCLE, JIGANI CLOSE TO ELECTRONIC CITY

## BOOKING STARTS FROM 5TH FEBRUARY

## DREAM YOUR FUTURE HERE








Call Us : +91 994 5502 000
+91 998 6767 490

E : christnagar@aratt.in



Alice
GOLD | DIAMONDS | PLATINUM
Designer
CHETTUPUZHA GROUP
SINCE 1914
BUY A BEAUTIFUL FUTURE
Light Weight
#50 Dispensary Rd.
Ph No: 08025591378
#218/1 Kammanahalli
Ph No: 08025441145